## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4694 26.10.2016-ൽ മറുപടിയ്ക്ക്

### ദേശമംഗലം വായനശാല കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന വാട്ടർ കണക്ഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.യു. ആർ .പ്രദീപ് : | മാത്യു. ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ ഗ്രാമീണ വായനശാല ദേശമംഗലം, രജിസ്റ്റർ നമ്പർ 1063, ദേശമംഗലം പി.ഒ., തൃശ്ശൂർ,നോൺ ഡൊമസ്റ്റിക്കിൽ നിന്നും ഡൊമസ്റ്റിക്കായി വാട്ടർ ചാർജ്ജ് കുറവു ചെയ്തു നൽകണമെന്ന് ആവശ്യപ്പെട്ടു ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകിയ അപേക്ഷയിൽ നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | എ യും ബി യും ദേശമംഗലം ഗ്രാമീണ വായന ശാലയിലേയ്ക്കുള്ള വാട്ടർ കണക്ഷൻ ഗാർഹികേതര വിഭാഗത്തിൽ നിന്നും മാറ്റി ഗാർഹിക വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന അപേക്ഷ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ വിശദമായി പരിശോധിച്ചു. നിലവിലുള്ള ഗാർഹികേതര കണക്ഷൻ ഗാർഹിക കണക്ഷനാക്കി മാറ്റി വാട്ടർ ചാർജ്ജ് കുറവു ചെയ്യുന്നത് നിലവിലെ നിയമവ്യവസ്ഥകൾ പ്രകാരം അനുവദനീയമല്ല. |
| ബി വായനശാല കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന വാട്ടർ കണക്ഷൻ ഡൊമസ്റ്റിക് പദ്ധതിയിൽ ഉൾപ്പെടുത്തി വാട്ടർ ചാർജ്ജ് കുറവു ചെയ്തു നൽകുന്നതിന് അടിയന്തിര പരിഗണന നൽകുമോ; എങ്കിൽ വിശദാംശം നൽകുമോ? | |

Renuka Sankar
സെക്ഷൻ ഓഫീസർ